# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ -ജയിലാസ്ഥാനകാര്യാലയം- ജീവനക്കാര്യം - അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിൽ (NCA) നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 11.06.2024 തീയതിയിലെ കൊല്ലം മേഖലാ പി എസ് സി ഓഫിസിൽ നിന്നുള്ള KLR IV(1)777412/2023 എന്ന നമ്പർ അഡ്വൈസ്

**<u>ഉത്തരവ് നമ്പർ. E5-8371/2024/PrHQ; തീയതി : 05-08-2024</u>**

ജയിൽ വകുപ്പിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ 3 NCA ഒഴിവുകളിലേക്ക് പരാമർശ പ്രകാരം കേരള പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന ഉദ്യോഗാർത്ഥികൾക്ക് ജയിൽ വകുപ്പിൽ നിലവിലുള്ള അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവുകളിലേക്ക് 27900-63700/- രൂപാ ശമ്പള സ്കെയിലിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | നിയമനം നൽകിയ സ്ഥാപനം |
|---|---|---|
| 1 | **JITHU B V**<br>MUKKUVANKUZHI VEEDU<br>THENNOORKONAM<br>KOTTAPPURAM P.O<br>THIRUVANANATHAPURAM<br>PIN-695521 | സെൻട്രൽ പ്രിസൺ, തിരുവനന്തപുരം |
| 2 | **BINEESH P B**<br>PALLITHRA HOUSE<br>VALAPPU<br>OCHANTHURUTH P.O<br>ERNAKULAM | സെൻട്രൽ പ്രിസൺ വിയ്യൂർ |
| 3 | **BIBIN P D**<br>PATHINANCHIL<br>POLLETHAI P.O<br>ALAPUZHA-688522 | സെൻട്രൽ പ്രിസൺ വിയ്യൂർ |

പ്രസ്തുത ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് മുമ്പാകെ ഈ ഉത്തരവ് ലഭിച്ച് 14

ദിവസത്തിനകം താഴെ പറയുന്നവയുടെ ഒറിജിനൽ രേഖകളുമായി ഫുൾ യൂണിഫോമിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്.

യോഗ്യത,ജനന തീയതി,ജാതി എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം, നോൺ ക്രീമിലെയർ സർട്ടിഫിക്കേറ്റ് (സാമുദായിക സംവരണത്തിന് അർഹതയുള്ളവർ), അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ.

കൂടാതെ കേരള സർവീസ് റൂൾസ് പാർട്ട് 1 റൂൾ 13 അനുശാസിക്കുന്ന പ്രകാരം (ജി.ഓ(പി) 20/ 2011/ പി& എ ആർഡി,തീയതി 30.06.2011) സർക്കാർ സർവീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, ഏതെങ്കിലും ഗസറ്റഡ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ജോയിൻ ചെയ്യുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 3(സി) യിലെ ജനറൽ റൂൾസിന് വിധേയമായിരിക്കും. നിയമനം താൽക്കാലികമായിരിക്കും (ക്ലാസ് (1) സബ് റൂൾ (എ) റൂൾ 9, ജനറൽ റൂൾസ് -05.03.1974 ലെ ജി.ഓ.(പി) 49/74/പിഡി).ജോലിയിൽ പ്രവേശിക്കുവാൻ വരുന്ന സമയത്ത് പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള പ്രോഫോർമ (അനുബന്ധം –I) പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

നിശ്ചിത സമയ പരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം മുന്നറിയിപ്പില്ലാതെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

സത്യരാജ് ഡി
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)(ic)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്
(രജിസ്റ്റേർഡ് പോസ്റ്റ് A/D മുഖേന)

പകർപ്പ് : 1. സൂപ്രണ്ട്
സെൻട്രൽ പ്രിസൺ വിയ്യൂർ/ തിരുവനന്തപുരം (ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് കത്തിൻറെ പകർപ്പ്, ഒറ്റത്തവണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യുന്നു.പരാമർശിച്ചിരിക്കുന്ന രേഖകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ഒറിജിനലുമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും മേൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതും ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിച്ച ഉത്തരവിൻറെ പകർപ്പ് അയക്കേണ്ടതും പൂരിപ്പിച്ച അനുബന്ധം – I സൂപ്രണ്ട് ഒപ്പ് രേഖപ്പെടുത്തി ഓഫീസ് സീൽ പതിപ്പിച്ച് പോലീസ് വെരിഫിക്കേഷൻ നടത്തി വെരിഫിക്കേഷൻ റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. അർഹരായ ഉദ്യോഗാർത്ഥികളുടെ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കേറ്റ് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്).
2. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ

3. ഓഫീസ് കോപ്പി